# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ - *386 13.11.2019 - ൽ മറുപടിക്ക്

**സംസ്ഥാന വ്യവഹാര നയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ,<br>ശ്രീ. ടി.എ അഹമ്മദ് കബീർ,<br>ശ്രീ. കെ.എം.ഷാജി,<br>ശ്രീ. പാറക്കൽ അബ്ദുള്ള. | ശ്രീ. എ. കെ ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) |

| | | |
|---|---|---|
| (എ) | സർക്കാർ വാദിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനുമായി സംസ്ഥാന വ്യവഹാര നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | സർക്കാർ വാദിയായുള്ള കേസ്സുകൾ വേഗത്തിൽ തീർപ്പാക്കുന്നതിനും അനാവശ്യ വ്യവഹാരങ്ങൾ ഒഴിവാക്കുന്നതിനുമായി സംസ്ഥാന വ്യവഹാര നയം രൂപീകരിച്ചിട്ടുണ്ട്. കോടതികളിൽ സർക്കാർ വ്യവഹാരങ്ങൾ കുറയ്ക്കുന്നതിനും തീർപ്പാക്കാനുള്ള ശരാശരി സമയം പതിനഞ്ചുവർഷത്തിൽ നിന്ന് മൂന്ന് വർഷമായി ചുരുക്കുന്നതിനും യോജിപ്പോടെയും ഏകോപനത്തോടെയും സമയബന്ധിതമായും വ്യവഹാരം നടത്തുന്നതിനും ഗുണകരമായ കേസുകൾ ജയിക്കുന്നതിനും പ്രയോജന ശൂന്യമായ കേസുകൾ അനാവശ്യമായി നിലനിർത്തുന്നില്ലായെന്ന് ഉറപ്പുവരുത്തുക എന്ന ഉദ്ദേശ്യത്തോടെയും ഉത്തരവാദിത്വമുള്ള വ്യവഹാര നടത്തിപ്പ് ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെയുമാണ് സർക്കാർ സംസ്ഥാന വ്യവഹാര നയം രൂപികരിച്ചിട്ടുള്ളത്. സംസ്ഥാന വ്യവഹാര നയം അംഗീകരിച്ചുകൊണ്ട് 03.12.2011തീയതിയിലെ GO(P)No.12/2011/Law ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും ആയത് 12.06.2012-ലെ GO(P)No.10/2012/Law ഉത്തരവു പ്രകാരവും 07.08.2019- തീയതിയിലെ GO(P)No.22/2019/Law ഉത്തരവു പ്രകാരവും ഭേദഗതി വരുത്തിയിട്ടുള്ളതുമാണ്. |

| | | |
|---|---|---|
| (ബി) | നിലവിൽ സർക്കാർ കക്ഷിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി കാലാവധി എത്ര വർഷമായാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | സർക്കാർ കക്ഷിയായുള്ള കേസ്സുകൾ തീർപ്പാക്കുന്നതിനുള്ള ശരാശരി സമയം പതിനഞ്ചുവർഷത്തിൽ നിന്നും 3 വർഷമായി ചുരുക്കുന്നതിനാണ് സംസ്ഥാന വ്യവഹാര നയത്തിൽ ഉദ്ദേശിക്കുന്നത്. |
| (സി) | ഇത് പ്രകാരമുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ കഴിയുന്നുണ്ടോ; വിശദമാക്കാമോ; | സംസ്ഥാന വ്യവഹാര നയം കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് നിർണ്ണായകവും പ്രാധാന്യവുമുള്ള പങ്ക് അതാത് വകുപ്പിലെ ഉദ്യോഗസ്ഥരോടൊപ്പം നിയമവകുപ്പിൽ നിന്നും ജില്ലാ കളക്ടറേറ്റുകളിലും വകുപ്പുതലവന്മാരുടെ ഓഫീസിലും പ്രവർത്തിക്കുന്ന നിയമ (നോഡൽ) ഓഫീസർ വഹിച്ചുവരുന്നു. നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടില്ലാത്ത വകുപ്പുകളിലേക്ക് നിയമ വകുപ്പിൽ നിന്ന് നിയമ (നോഡൽ) ഓഫീസറെ നിയമിക്കുന്നതിന് നയത്തിൽ വ്യവസ്ഥ ചെയ്യുന്നു. അതിൻ പ്രകാരം നിയമ (നോഡൽ) ഓഫീസറെ നിയമിക്കുന്നതിന് ആവശ്യകത പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പ്രസ്തുത നയത്തിന്റെയും ചുമതലകളുടെയും നടപ്പാക്കൽ നിരീക്ഷിക്കുന്നതിനായി താലൂക്ക് തലത്തിലും ജില്ലാതലത്തിലും രൂപീകരിച്ചിട്ടുള്ള എംപവേർഡ് കമ്മിറ്റികൾ യഥാസമയങ്ങളിൽ യോഗം ചേർന്ന് വിലയിരുത്തുകയും ആയത് നിയമ വകുപ്പ് നിരീക്ഷിച്ച് വരികയും ചെയ്യുന്നുണ്ട്. |
| (ഡി) | സംസ്ഥാന വ്യവഹാരനയം നടപ്പാക്കുന്നതിലേക്കായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ? | സംസ്ഥാന വ്യവഹാരനയം നടപ്പാക്കുന്നതിലേക്കായി താലൂക്കുതലത്തിൽ തഹസിൽദാർ അധ്യക്ഷനായി താലൂക്ക് എംപവേർഡ് കമ്മിറ്റിയും ജില്ലാതലത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായി ജില്ലാ എംപവേർഡ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ അഡ്വ. ജനറൽ അധ്യക്ഷനായി സംസ്ഥാന എംപവേർഡ് കമ്മിറ്റിയും രൂപികരിച്ചിട്ടുണ്ട്. ജില്ലാ എംപവേർഡ് കമ്മിറ്റി മൂന്നുമാസത്തിലൊരിക്കലും താലൂക്ക് എംപവേർഡ് കമ്മിറ്റി മാസത്തിലൊരിക്കലും കേസ്സുകൾ നിരീക്ഷിച്ച് ഉദ്യോഗസ്ഥർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിവരുന്നു. സംസ്ഥാന തല എംപവേർഡ് കമ്മിറ്റി അഡ്വക്കേറ്റ് ജനറലിന്റെ അധ്യക്ഷതയിൽ കൂടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നിയമ വകുപ്പിൽ നിന്നും നോഡൽ ഓഫീസർമാരെ |

| | | |
|---|---|---|
| | | നിയമിച്ചിട്ടില്ലാത്ത വകുപ്പുകളിൽ ആവശ്യകത പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. Court Case Monitoring Solutions എന്ന database ഉണ്ടാക്കി സർക്കാർ കക്ഷിയായ കേസുകൾ ജില്ലാ, സംസ്ഥാന തലത്തിൽ ഉദ്യോഗസ്ഥരെ നിയമിച്ച് നിരീക്ഷിച്ചുവരുന്നു. |

ഉത്തരവിൻ പ്രകാരം,

Mochala Kumar R

സെക്ഷൻ ഓഫീസർ.